**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **29-07-2021 - ൽ മറുപടിയ്ക്ക്**

**ലാഭത്തിലാക്കിയ വ്യവസായസ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനം ആക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ KSWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതാത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ല. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'M.S.M.E |

Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതും 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുന്നതുമായ M.S.M.E-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ DIC,KSIDC, KINFRA എന്നിവ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർ നടപടികൾക്ക് മേൽ നോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി നല്കുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Lease Policy പുറപ്പെടുവിക്കുന്നതാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി 75 കോടി ചെലവാക്കി അന്തർദേശീയ നിലവാരത്തിലുള്ള ഒരു Exhibition cum Trade Centre കൊച്ചിയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ് വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. രണ്ട്

| | | | |
|---|---|---|---|
| | | | മാസത്തിനുള്ളിൽ വിവിധ തലത്തിലുള്ള വ്യവസായ സംഘടനാ പ്രതിനിധികളുമായി 6 തവണ ഇതിനകം ആശയ വിനിമയം നടത്തി നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2011-2016 കാലഘട്ടത്തിൽ അടച്ചു പൂട്ടിയ എത്ര വ്യവസായ സ്ഥാപനങ്ങളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉറന്ന് പ്രവർത്തിപ്പിച്ച് ലാഭത്തിലാക്കിയതെന്ന് വിശദമാക്കുമോ? | (ബി) | 2011-2016 കാലഘട്ടത്തിൽ അടച്ചു പൂട്ടിയ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ 66 സ്ഥാപനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉറന്ന് പ്രവർത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ